(5) അയ്യപ്പ ഭക്തൻമാർക്ക് നേരിട്ട വാഹന അപകടം

ശ്രീ. വി. കെ. കുഞ്ഞാലിക്കുട്ടി: സർ, തൃശ്ശൂർ ജില്ലയിലെ കേച്ചേരിയിലുണ്ടായ വാഹന അപകടത്തിൽ മരിച്ച ഒൻപത് അയ്യപ്പൻമാരും ഏറെ നിയോജകമണ്ഡലത്തിൽപ്പെട്ടവരാണ്. മരിച്ചവർക്കു പുറമേ ആശുപത്രിയിൽക്കഴിയുന്ന പരിക്കേറ്റവരുടെ സ്ഥിതിയും വളരെ ദാരുണമാണ്: അതിൽ പലരും അത്യാസന്ന നിലയിലാണ്. തൃശ്ശൂർ വച്ചാണ് അപകടം ഉണ്ടായതെന്നുള്ളതുകൊണ്ട് അടിയന്തിര മായി കളക്ടറേറ്റിൽനിന്നും മറ്റും ലഭിക്കുന്ന അടിയന്തിര സഹായം പോലും ആ കുടുംബങ്ങൾക്ക് കഴിഞ്ഞ ദിവസംവരെ ലഭിച്ചില്ല. അതുമാത്രമല്ല, വളരെ പാവപ്പെട്ട നിർദ്ധനരായ കുടുംബങ്ങളാണ് ഇവരുടേത് എന്നുള്ളതുകൊണ്ട് പ്രത്യേക പരിഗണന കൊടുത്ത് ആ കുടുംബങ്ങളെ സഹായിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അപേക്ഷിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഈ അപകടത്തിൽ മരണമടഞ്ഞവരുടെ ബന്ധുക്കൾക്ക് താൽക്കാലികമായിട്ട് 500 ഉറുപ്പികയും പരിക്കേറ്റവരുടെ ആളുകൾക്ക് 300 ഉറുപ്പികയും വീതം തഹസിൽദാർ കൊടുത്തുകഴിഞ്ഞിട്ടുണ്ട്. മരിച്ച ആളുകളുടെ കുടുംബങ്ങൾക്ക് മൂവായിരം രൂപ കൊടുക്കാൻ ഉള്ള ഏർപ്പാടുകളും ചെയ്യുന്നുണ്ട്.

(6) പിയർലെസ് ഫീൽഡ് ജീവനക്കാരുടെ തൊഴിൽ പ്രശ്നങ്ങൾ

ശ്രീ. എം. വി. രാഘവൻ: സർ, ഇന്ത്യയിലെ നാലര ലക്ഷത്തോളം വരുന്ന പിയർലെസ് ഫീൽഡ് ജീവനക്കാർ ദേശസാൽക്കരണം ഉൾപ്പെടെയുള്ള ആവശ്യങ്ങൾ നേടിയെടുക്കാൻവേണ്ടി കഴിഞ്ഞ പത്തു മാസക്കാലമായി സമരത്തിലാണ്. കേരളത്തിൽത്തന്നെ നാലായിരത്തിൽപ്പരം വരുന്ന ഫീൽഡ് ജീവനക്കാരും ഈ സമരത്തിന്റെ ഭാഗമായി എറണാകുളം തുടങ്ങിയ സ്ഥലങ്ങളിൽ സത്യാഗ്രഹം നടത്തുകയാണ്. കേരളത്തിൽത്തന്നെ 51 ബ്രാഞ്ചുകൾ പ്രവർത്തിക്കുന്നുണ്ട്. ഇത് ഇന്ത്യയിലെ ഏറ്റവും വലിയ ഒരു സ്ഥാപനമാണ്. മൊത്തം 700 കോടി രൂപ ഇൻവെസ്റ്റ്മെന്റ് ഉണ്ട്. ഇന്ത്യയിലെ 35 ശതമാനത്തിലായിട്ടാണ് ഇത് നിക്ഷേപിച്ചിരിക്കുന്നത്. കൽക്കട്ട ഹെഡ് ഓഫീസായി പ്രവർത്തിക്കുന്ന ഈ സ്ഥാപനം ഒന്നുകിൽ ഗവൺമെന്റ് ഏറ്റെടുക്കണം, അതല്ലെങ്കിൽ അനുസംബന്ധിച്ച എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തണം. പൊതുജനങ്ങളുടെ പണമാണ് നിക്ഷേപിച്ചിട്ടുള്ളത്. വാസ്തവത്തിൽ കേന്ദ്രഗവൺമെന്റ് ഏറ്റെടുക്കുകയാണ് ചെയ്യേണ്ടത്. പിയർലെസ് കമ്പനി അതിന്റെ പ്രവർത്തനം നടത്താത്തതിന്റെ ഫലമായി ദുരിതം അനുഭവിക്കുന്ന കേരളത്തിലെ ജീവനക്കാരുടെ പ്രശ്നം ഉള്ളതുകൊണ്ടും കേരള ഗവൺമെന്റും കേന്ദ്ര ഗവൺമെന്റിനോട് ഈ കാര്യത്തെസംബന്ധിച്ച് പറയേണ്ടതായിട്ടുണ്ട്. ഒന്നുകിൽ ഇത് കേന്ദ്രഗവൺമെന്റ് ഏറ്റെടുക്കണം അല്ലെങ്കിൽ ജീവനക്കാരുടെ സഹായസഹകരണത്തോടുകൂടി അത് നടത്തിക്കൊണ്ടു പോകണം. ഇന്ന് ഇന്ത്യയിലെ ചില കുത്തക കമ്പനികൾക്കുവേണ്ടിയാണ് ഈ 700 കോടി ഉറുപ്പിക ഉപയോഗിക്കുന്നത്. കേരള ഗവൺമെന്റും അതിൽനിന്ന് 25 ലക്ഷം ഉറുപ്പിക വായ്പയെടുത്തിട്ടുണ്ട് എന്നാണ് അറിയുന്നത്. അതുകൊണ്ട് കേരളത്തെയും ബാധിക്കുന്ന പ്രശ്നമാണ്.

LIBRARY ARCHIVES Kerala Legislative Assembly